# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3048 — 10.05.2017-ൽ മറുപടിയ്ക്ക്

## യൂനാനി ചികിത്സ

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ് | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി) | |
|---|---|---|---|
| (എ) | വൈദ്യശാസ്ത്രരംഗത്തെ സാമ്പ്രദായിക ചികിത്സാ രീതിയായ യൂനാനി ചികിത്സ പ്രോൽസാഹിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | യൂനാനി ചികിത്സയ്ക്കായി വകുപ്പിനു കീഴിൽ കാസർഗോഡ് ജില്ലയിലെ മൊഗ്രാലിൽ ഒരു യൂനാനി ഡിസ്പെൻസറി പ്രവർത്തിച്ചുവരുന്നു. മറ്റ് പ്രദേശങ്ങളിൽ യൂനാനി സ്ഥാപനങ്ങൾ ആരംഭിക്കണമെന്ന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന പക്ഷം, ആയത് പരിശോധിക്കുന്നതാണ്. |
| (ബി) | സംസ്ഥാനത്ത് ഇപ്പോൾ എത്ര യൂനാനി ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നുണ്ട്; | (ബി) | നിലവിൽ ഭാരതീയ ചികിത്സാ വകുപ്പിന് കീഴിൽ ഒരു യൂനാനി ഡിസ്പെൻസറി കാസർഗോഡ് ജില്ലയിലെ മൊഗ്രാലിൽ പ്രവർത്തിക്കുന്നു.<br>കൂടാതെ എൻ.എച്ച്.എം.ന് കീഴിൽ 20 യൂനാനി ചികിത്സാ സ്ഥാപനങ്ങളും പ്രവർത്തിച്ചുവരുന്നു. |
| (സി) | ജനങ്ങളുടെ ആവശ്യത്തിനനുസൃതമായ യൂനാനി ചികിത്സ ലഭിക്കുന്ന ഡിസ്പെൻസറികളും ആശുപത്രികളും കേരളത്തിൽ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ? | (സി) | ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യമായ ഭൗതീക സൗകര്യങ്ങൾ ഒരുക്കി യൂനാനി സ്ഥാപനങ്ങൾ ആരംഭിക്കണമെന്ന് ആവശ്യപ്പെടുന്ന പക്ഷം ആയത് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ